LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.ക്ക് അധിക ബാധ്യത വരും. ഡീസൽ ചാർജ്ജ് പല പ്രാവശ്യം വർദ്ധിപ്പിച്ചതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടില്ല. ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന ആഗ്രഹവും ഗവണ്മെന്റിനില്ല. ഈ ഗവണ്മെന്റ് അധികാരത്തിൽവന്നശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നിരവധി ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. ഡി.എ., പ്രൊമോഷൻ തുടങ്ങി ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഏതാണ്ട് 22 കോടി രൂപവരെ ഒരു വർഷത്തേക്ക് അധികബാധ്യതയുള്ള ആനുകൂല്യങ്ങൾ ഈ ഗവണ്മെന്റ് വന്നശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കൊടുത്തിട്ടുണ്ട്. ഡീസലിനുപോലും പൈസ കൊടുക്കാൻ നിവൃത്തിയില്ലാത്ത ഒരു പ്രത്യേക സാഹചര്യം ഇന്നുണ്ട്. ഈ ഗവണ്മെന്റ് വരുന്നതുവരെയുണ്ടായിരുന്ന, 11 മാസത്തിനുമുമ്പ് എംപാനൽ ജീവനക്കാരായി ജോലിചെയ്ത മുഴുവൻ ആളുകളെയും റെഗുലറൈസ് ചെയ്തിട്ടുണ്ട്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം നിയമിച്ച താൽക്കാലിക ജീവനക്കാരാണുള്ളത്. നിലവിലുള്ള ജീവനക്കാരുടെ ഒരാനുകൂല്യവും എടുക്കാൻ ആരും അനുവദിക്കുകയില്ല. പുതിയതായി സർവ്വീസിൽ കയറുന്നവർ ആറേഴു മാസമെങ്കിലും അൽപ്പം ബുദ്ധിമുട്ട് അനുഭവിച്ചില്ലെങ്കിൽ ജനങ്ങളുടെ മേൽ നമുക്ക് അധികഭാരം അടിച്ചേൽപ്പിക്കേണ്ടിവരും. അത് ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഇത് സ്വീകരിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ച് ഈ ജീവനക്കാരെ റെഗുലറൈസ് ചെയ്യുന്നതാണ്.

(20) സംസ്ഥാനത്തെ 20 ഗ്രാമപഞ്ചായത്തുകളിൽ കൃഷിഭവനുകൾ അനുവദിക്കുന്നതു സംബന്ധിച്ച്

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അഞ്ചു മന്ത്രിമാരും എട്ട് എം.എൽ.എ.മാരുമുൾപ്പെടെയുള്ളവർക്കുകൂടിയായിട്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിലെ 20 ഗ്രാമപഞ്ചായത്തുകളിൽ എന്റെ നിയോജക മണ്ഡലത്തിലെ കൂവപ്പടിയിൽ ഉൾപ്പെടെ ഇന്ന് കൃഷിഭവനുകൾ ഇല്ല. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾ തൊട്ടടുത്ത പഞ്ചായത്തിലെ കൃഷിവകുപ്പുദ്യോഗസ്ഥന്മാർ വന്ന് കണക്കെടുക്കേണ്ട അവസ്ഥയാണുള്ളത്. കർഷകദിനാചരണത്തിലുമെല്ലാം ഇപ്പോൾ പ്രശ്നമാണ്. ആവശ്യമായ ജീവനക്കാർ കൃഷി വകുപ്പിൽ ഇപ്പോഴുണ്ട്. കെട്ടിടങ്ങൾ ആവശ്യമായവ പഞ്ചായത്തുകൾ നിർമ്മിച്ചുനൽകാൻ തയ്യാറാണ്. അതുകൊണ്ട് ചിങ്ങം 1-ന് (ആഗസ്റ്റ്-17) കർഷകദിനം ആചരിക്കുമ്പോഴെങ്കിലും നിർബന്ധമായും കൃഷിഭവനുകൾ ആരംഭിക്കണം. ഇതു സംബന്ധിച്ച് മുമ്പ് ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് സാമ്പത്തികലഭ്യതയനുസരിച്ച് ചെയ്യാമെന്നാണ്. ദയാനിധിയായ ധനകാര്യ വകുപ്പുമന്ത്രി അവിടെ ഇരിപ്പുണ്ട്.

കൃഷിഭവനുകൾ ആരംഭിക്കാൻ ദയവായി അദ്ദേഹം ആവശ്യമായ തുക അനുവദിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇതിനു മുമ്പൊക്കെ ഉണ്ടായ അനുഭവങ്ങളിൽനിന്ന് വ്യത്യസ്തമായി അനുകൂലമായ മറുപടി ബഹുമാനപ്പെട്ട ഗൗരിയമ്മയിൽനിന്നും നിശ്ചയമായും ഈയൊരു സുദിനത്തിൽ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ):* സർ, പെരുമ്പാവൂരിലെ എം.എൽ.എ. പറഞ്ഞത് ശരിയാണ്. സംസ്ഥാനത്ത് 20 പഞ്ചായത്തുകളിൽ കൃഷിഭവനുകൾ ഇല്ല. ഇതിനായി ഇപ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റുമായി കൂടിയാലോചിക്കുകയാണ്. അവിടെനിന്നുള്ള മറുപടി ലഭിക്കുന്ന മുറയ്ക്ക് അത് അനുവദിക്കാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. ഏതായാലും നടപടി എടുത്തുവരുന്നുണ്ട്.

(21) പാചകവാതകക്ഷാമം

ശ്രീ. മത്തായി ചാക്കോ: സർ, കേരളത്തിലെ 44 ലക്ഷത്തോളം വരുന്ന പാചകവാതക ഉപഭോക്താക്കൾ വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. പാചകവാതകത്തിന്റെ ലഭ്യത വലിയ പ്രശ്നമായിട്ട് ഇന്ന് മാറിയിട്ടുണ്ട്. ലോറി പണിമുടക്ക് തുടങ്ങിയതുകൊണ്ടു മാത്രമല്ല ഇതുണ്ടായിരിക്കുന്നത്. ലോറി പണിമുടക്ക് പ്രശ്നത്തെ ഗുരുതരാവസ്ഥയിലാക്കിയിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ഓയിൽ കോർപ്പറേഷനുകൾതന്നെ ഇതിന്റെ വിതരണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ട്. അതിനുപുറമേ ഹോട്ടലുകളും വാഹനങ്ങളും പാചകവാതക സിലിണ്ടറുകൾ ദുരുപയോഗം ചെയ്യുകയാണ്. നിലവിലുള്ള എൽ.പി.ജി. രജിസ്ട്രേഷൻ ആക്ടിന് വിരുദ്ധമായി ഹോട്ടലുകളും വാഹനങ്ങളും ഇത് ദുരുപയോഗം ചെയ്യുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നിലവിൽ പാചകവാതകവിതരണം വലിയതോതിൽ തകരാറിലായിട്ടുണ്ട്. ലോറി സമരത്തോടുകൂടി ഇത് രൂക്ഷമായിട്ടുണ്ട്. ഗവണ്മെന്റ് ഈ കാര്യത്തിൽ ആവശ്യമായിട്ടുള്ള ഇടപെടൽ നടത്തണം. ഡൽഹിയിലൊക്കെയുള്ളതുപോലെ സി.എൻ.ജി. ഇവിടെ ഏർപ്പാട് ചെയ്യാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കണം. പാചകവാതകക്ഷാമം പരിഹരിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാനും ഈ വിഷയം സംബന്ധിച്ച് സബ്മിഷൻ ഉന്നയിക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഓയിൽ കമ്പനികൾ കേരളത്തിൽ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഒരു കുടുംബത്തിന് ഒരു

LIBRARY ARCHIVES Kerala Legislative Assembly